
ലേഖനം

ഹാദി

# വർഗീയതയുടെ വിഷസൂചികൾ

ഗുജറാത്തിൽ മാത്രമല്ല, പല സംസ്ഥാനങ്ങളിലും ഇടക്കിടെ ആവർത്തിക്കപ്പെടുന്ന മുസ്‌ലിം-ക്രിസ്ത്യൻ വിരുദ്ധ ആക്രമണങ്ങളിൽ പ്രധാനപങ്കാളിത്തം വഹിക്കുന്നത് ആദിവാസികളാണെന്നതാണ് വസ്തുത. എന്തുകൊണ്ടാണ് ആദിവാസികൾ മുമ്പൊന്നുമില്ലാത്തവിധം അന്യമത വിദ്വേഷവും മുസ്‌ലിം-ക്രിസ്ത്യൻ വിരുദ്ധതയും ആക്രമണോത്സുകതയും പുലർത്തുന്നത്? ഈ ചോദ്യത്തിന്റെ ഉത്തരം, ആദിവാസികൾക്കിടയിൽ സംഘ്പരിവാർ പ്രവർത്തനം എത്രത്തോളം ആസൂത്രിതവും ഫലപ്രദവുമാണെന്ന തിരിച്ചറിവാണ് നമുക്ക് തരുന്നത്.



**ബുദ്ധിപൂർവം** രൂപപ്പെടുത്തിയെടുത്ത ദീർഘകാല പദ്ധതികളിലൂടെ സംഘ്പരിവാർ ആദിവാസി മേഖലകളുടെ കാവിവൽക്കരണം ത്വരിതഗതിയിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. 1950-കളിൽ 'വനവാസി കല്യാൺ ആശ്രം' (വി.കെ.എ) രൂപീകരിച്ചുകൊണ്ട് ആരംഭിച്ച വർഗീയവൽക്കരണ ശ്രമങ്ങൾ 1980കളോടെയാണ് സജീവമായത്. ആർ.എസ്.എസ്, പോഷകസംഘടനകളെ ഉപയോഗിച്ചു ആദിവാസികളിൽ വർഗീയതയുടെ വിഷസൂചികൾ കുത്തിയിറക്കിയതിന്റെ വിജയസൂചനയാണ് 2002-ൽ ഗുജറാത്തിലും 2008-ൽ ഒറീസയിലും നടന്ന മുസ്‌ലിം-ക്രിസ്ത്യൻ വിരുദ്ധ കലാപങ്ങളിലെ വർധിച്ച ആദിവാസി പങ്കാളിത്തം. ഇന്ത്യയിലെ, വിശേഷിച്ചും മധ്യേന്ത്യയിലെ ഗിരിവർഗമേഖലകളിൽകൂടി യാത്ര ചെയ്താൽ പാറിക്കളിക്കുന്ന കാവിക്കൊടികൾ ധാരാളം കാണാം. അവ ആർ.എസ്.എസ് പാകിയ ഹിന്ദുത്വ തീവ്രവാദത്തിന്റെ വിത്തുകൾ മുളച്ചതിന്റെ അടയാളങ്ങളാണ്. ആർ.എസ്.എസിന് ന്യൂനപക്ഷ വേട്ട നടത്താനുള്ള ആയുധങ്ങളായി ആദിവാസികൾ മാറുമ്പോൾ, ബി.ജെ.പിക്ക് അധികാരക്കസേരയുറപ്പിക്കാവുന്ന വോട്ടുബാങ്കാണ് അവർ.

വനവാസി കല്യാൺ ആശ്രം, വനവാസി പരിഷത്, ഭഗത മൂവ്മെന്റ് തുടങ്ങിയ ഒട്ടേറെ സംഘടനകളും സ്ഥാപനങ്ങളും ചെറു ഗ്രൂപ്പുകളും ആദിവാസികൾക്കിടയിൽ സംഘ്പരിവാർ രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ പ്രത്യക്ഷത്തിൽ സംഘ്പരിവാറിന്റെ പോഷക സംഘങ്ങൾ എന്നറിയപ്പെടുന്നവയും തിരിച്ചറിയാൻ പ്രയാസമുള്ളവയുമുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക സംഘാടനം, സാമ്പത്തിക വികസനം, സ്ത്രീസംഘാടനം തുടങ്ങി എല്ലാ മേഖലകളിലും വ്യാപിച്ചു കിടക്കുന്ന സംഘ്പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ രംഗത്താണ് ഊന്നുന്നത്. കായിക ശേഷിയുടെ വികാസത്തിനാണ് രണ്ടാം സ്ഥാനം. ആദിവാസി പ്രശ്നങ്ങൾ ഏറ്റെടുത്ത് തങ്ങളുടേതാക്കുന്ന സംഘ്പരിവാർ, മിഷനറി പ്രവർത്തകരിൽനിന്ന് ആദിവാസികളെ അകറ്റിനിർത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നു. വിദ്യാഭ്യാസത്തിനു പുറമെ 'മതപരമായ' വിഷയങ്ങളാണ് സംഘ്പരിവാർ ഊന്നൽ കൊടുക്കുന്ന പ്രധാന മേഖല. വിശാല ഹിന്ദുത്വത്തിലേക്ക് ആദിവാസികളെ ചേർക്കുക മാത്രമല്ല, പുത്തൻ ദൈവ- വിശ്വാസസങ്കൽപങ്ങൾ സൃഷ്ടിച്ചും ആരാധനകളും മതപരമായ ആഘോഷങ്ങളും സംഘടിപ്പിച്ചും അവരെ മസ്തിഷ്ക പ്രക്ഷാളനം നടത്തുകയും ചെയ്യുന്നു.

ഇന്ത്യയിലെ 276 ആദിവാസി ഭൂരിപക്ഷ ജില്ലകളിൽ, 171ലും സംഘ്പരിവാർ പ്രവർത്തനങ്ങൾ സജീവമാണ്. ശേഷി

ക്കുന്നവയിലേക്കു കൂടി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമത്തിലാണവർ. 20,000 ലേറെ വില്ലേജുകളിൽ വ്യവസ്ഥാപിതമായി കാവിവൽക്കരണം നടക്കുന്നുണ്ട്. എല്ലാ പ്രധാന നഗരങ്ങളിലും 43 ആദിവാസി ഇതര ജില്ലകളിലും അവർക്ക് പ്രവർത്തന ശൃംഖലകളുണ്ട്. ഗിരിവർഗ മേഖലകളിൽനിന്ന് തൊഴിൽ തേടിയും മറ്റും നഗരങ്ങളിലെത്തുന്നവരിലാണ് അവർ ശ്രദ്ധയൂന്നുന്നത്. ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന വനവാസി കല്യാൺ ആശ്രം ഉൾപ്പെടെയുള്ള സംഘ് ഏജൻസികളുടെ മുഴു സമയ പ്രവർത്തകരിൽ 50 ശതമാനവും ആദിവാസികൾക്കിടയിൽനിന്നുള്ളവരാണ്. ഇത് കാര്യങ്ങൾ വളരെ എളുപ്പമാക്കുന്നു. ആദിവാസികൾക്കിടയിലെ വിദ്യാസമ്പന്നരെയും ഉദ്യോഗസ്ഥരെയും വലവീശിപ്പിടിക്കാനും പ്രത്യേകം പദ്ധതികളുണ്ട്.

ഗുജറാത്ത്, ഒറീസ, മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തിസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് സംഘ്പരിവാറിന്റെ ആദിവാസി പ്രവർത്തനങ്ങൾ ഏറ്റവുമധികം നടക്കുന്നത്. ഗുജറാത്തിലെ ശബരി കുംഭമേള വർഗീയ വൽക്കരണത്തിനുള്ള പ്രധാനവഴിയാണ്. ആർ.എസ്.എസ് വളണ്ടിയർമാരായ കുറേ 'സ്വാമിമാർ' ആദിവാസി മേഖലകളിൽ മതപരമായ ലേബലോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒറീസയിൽ വധിക്കപ്പെട്ട ലക്ഷ്മണാനന്ദ സ്വാമി, മാലേഗാവ് സ്ഫോടനത്തിന്റെ ആസൂത്രകൻ അസിമാനന്ദ സ്വാമി, ആശാറാം ബാപ്പു (Asaram-Jhabua) എന്നിവരെയൊക്കെ സംഘ്പരിവാർ നിയോഗിച്ചതാണ്.

## ഹിന്ദുജാഗോ ക്രിസ്തിബാഗോ

"ഞങ്ങളുടെ പ്രതിജ്ഞയിതാണ്; മതപരിവർത്തനത്തെയും ജിഹാദിന്റെ തത്ത്വശാസ്ത്രത്തെയും ലോകത്തുനിന്ന് നിഷ്കാസനം ചെയ്യുക" (സങ്കൽപ്: ധർമ്മാന്തരൺ ഔർ ജിഹാദ് കീ വിചാർകോ വിശ്വസേ നിർമൂൽ കരേംഗേ)– ഗുജറാത്തിലെ ഡാംഗ്സിൽ ശബരി ക്ഷേത്രത്തിനുപുറത്തെ തൂണിൽ ഹിന്ദിയിൽ എഴുതിയവരികളാണിത്. ഇന്ത്യയുടെ ജനാധിപത്യ-മതേതര പാരമ്പര്യങ്ങളെ അവഹേളിച്ചുകൊണ്ട് ചില സംസ്ഥാന ഗവൺമെന്റുകളുടെയും ഔദ്യോഗിക ഏജൻസികളുടെയും പിന്തുണയോടെ സംഘ്പരിവാർ ഉയർത്തുന്ന ഹിന്ദുത്വ ഭീകരതയുടെ മുദ്രാവാക്യങ്ങൾക്ക് ഒരു ഉദാഹരണം.

സമാന സ്വരത്തിലും അതിലേറെ വിഷം വമിക്കുന്നതുമായ ഒട്ടേറെ മുദ്രാവാക്യങ്ങൾ ആദിവാസികളുടെ മനസിലും നാവിലും നിക്ഷേപിക്കാൻ സംഘ്പരിവാറിന് സാധിച്ചിട്ടുണ്ട്. 'രാഷ്ട്രീയ' പ്രസംഗങ്ങൾ, 'ആത്മീയ' പ്രഭാഷണങ്ങൾ, ബുക്ക്ലെറ്റുകൾ, ലഘുലേഖകൾ, സി.ഡികൾ തുടങ്ങി വ്യക്തിഗത സംഭാഷണങ്ങൾ വരെയുള്ള വഴികളിലൂടെയാണ് ആദിവാസി മേഖലകളെ സംഘ്പരിവാർ കാവിപൂശിക്കൊണ്ടിരിക്കുന്നത്. അവയിലൊന്നിൽ അച്ചടിച്ചിട്ടുള്ള വരികളിങ്ങനെയാണ്: "ഹിന്ദുജാഗോ, ക്രിസ്തിബാഗോ" – ഹിന്ദു ഉണരുക, ക്രിസ്ത്യാനിയെ പുറത്താക്കുക (Arise Hindu throw out the Christians). വെറും തത്ത്വപ്രസംഗങ്ങളും മുദ്രാവാക്യം വിളികളും മാത്രമല്ല, സായുധാക്രമണങ്ങൾ അവയെ തുടർന്നു വരുന്നു. 1998 ഡിസംബർ 6-ന് ബജ്റംഗ്ദൾ ഒരു തൃശൂൽ ദീക്ഷാ ആഘോഷം സംഘടിപ്പിച്ചു. അതേവർഷം ഡിസംബർ 25-ന് ക്രിസ്മസ് ദിനത്തിൽ ഹിന്ദുജാഗരൺ മഞ്ച് (HJM) അഹ്വ (Ahva)യിൽ ഒരു റാലി സംഘടിപ്പിച്ചു. ക്രിസ്മസ് ദിനത്തിലെ പ്രാർഥന കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയായിരുന്ന ക്രിസ്ത്യാനികൾക്കെതിരെ റാലിയിൽ പങ്കെടുത്തവർ ആക്രമണമഴിച്ചുവിട്ടു. 1998-ൽ 38 ക്രിസ്ത്യൻ വിരുദ്ധ ആക്രമണ കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. 2002-ൽ നടന്ന മുസ്‌ലിം വിരുദ്ധ കലാപത്തെക്കുറിച്ച് ചർച്ചകൾ ഏറെ നടന്നുകഴിഞ്ഞതാണ്. പക്ഷേ, ഗുജറാത്തിൽ മാത്രമല്ല പല സംസ്ഥാനങ്ങളിലും ഇടക്കിടെ ആവർത്തിക്കപ്പെടുന്ന മുസ്‌ലിം-ക്രിസ്ത്യൻ വിരുദ്ധ ആക്രമണങ്ങളിൽ പ്രധാനപങ്കാളിത്തം വഹിക്കുന്നത് ആദിവാസികളാണെന്നതാണ് വസ്തുത. എന്തുകൊണ്ടാണ് ആദിവാസികൾ മുമ്പൊന്നുമില്ലാത്തവിധം അന്യമതവിദ്വേഷവും മുസ്‌ലിം-ക്രിസ്ത്യൻ വിരുദ്ധതയും ആക്രമണോത്സുകതയും പുലർത്തുന്നത്? ഈ ചോദ്യത്തിന്റെ ഉത്തരം, ആദിവാസികൾക്കിടയിൽ സംഘ്പരിവാർ പ്രവർത്തനം എത്രത്തോളം ആസൂത്രിതവും ഫലപ്രദവുമാണെന്ന തിരിച്ചറിവാണ് നമുക്ക് തരുന്നത്.



1998 ഡിസംബർ 6-ന് ബജ്റംഗ്ദൾ ഒരു തൃശൂൽ ദീക്ഷാ ആഘോഷം സംഘടിപ്പിച്ചു. അതേവർഷം ഡിസംബർ 25-ന് ക്രിസ്മസ് ദിനത്തിൽ ഹിന്ദുജാഗരൺ മഞ്ച് (HJM) അഹ്വ (Ahva)യിൽ ഒരു റാലി സംഘടിപ്പിച്ചു. ക്രിസ്മസ് ദിനത്തിലെ പ്രാർഥന കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയായിരുന്ന ക്രിസ്ത്യാനികൾക്കെതിരെ റാലിയിൽ പങ്കെടുത്തവർ ആക്രമണമഴിച്ചുവിട്ടു.

ഓരോ ഊരിലും കടന്നുചെന്ന് ഹിന്ദുത്വ പ്രചാരണം നടത്താൻ പരിശീലനം ലഭിച്ച നൂറുകണക്കിന് സംഘ്പരിവാർ പ്രവർത്തകരാണ് ആദിവാസി മേഖലകളിൽ ക്യാമ്പ് ചെയ്യുന്നത്. അവർക്ക് നേതൃത്വം നൽകുന്നത് ആർ.എസ്.എസിന്റെ നേതാക്കളും സ്വാമിമാരുമാണ്. സ്വാമി അസിമാനന്ദ ആദിവാസികളെ കാവിവൽക്കരിക്കാനായി പശ്ചിമബംഗാളിൽനിന്ന് ഗുജറാത്തിലെത്തിയതാണ്. ഓരോ ക്രിസ്ത്യൻ മുസ്‌ലിം ആക്രമണത്തിനു പിന്നിലും അസിമാനന്ദയുടെ 'സന്യാസി മസ്തിഷ്കം' പ്രവർത്തിക്കുന്നു. ഇപ്പോൾ പുറത്തുവന്ന വിവരമനുസരിച്ച് ഇന്ത്യയിലുടനീളം ഹിന്ദുത്വ ഭീകരർ നടത്തിയ സ്ഫോടനങ്ങൾക്കുപിന്നിലും അസിമാനന്ദയുണ്ട്.

മൂന്നു കാര്യങ്ങളാണ് പ്രധാനമായും ആദിവാസി മേഖലകളിൽ സംഘ്പരിവാർ ചെയ്തുകൊണ്ടിരിക്കുന്നത്. 1. ഘർവാപ്പസി (Home Coming) അഥവാ വീട്ടിലേക്ക് തിരിച്ചെത്തൽ, അല്ലെങ്കിൽ ശുദ്ധീകരണം (Purification) എന്ന പേരിൽ ആദിവാസികളെ ഹിന്ദുമ



മോഹൻ ഭഗവത് | ലക്ഷ്മണാനന്ദ സ്വാമി | ആഷാറാം ബാപ്പു | സ്വാമി അശിമാനന്ദ | അശോക് സിംഗാൾ

തത്തിലേക്ക് പരിവർത്തനം ചെയ്യൽ. 2. ഹിന്ദുമതമെന്നപേരിൽ ഹിന്ദുത്വ തീവ്ര വാദം പഠിപ്പിച്ച് ആർ.എസ്.എസിന്റെ 'കുറുവടി'കളാക്കിമാറ്റൽ. 3. ക്രിസ്ത്യൻ-മുസ്‌ലിം ന്യൂനപക്ഷങ്ങൾ ഹിന്ദുക്കളുടെയും ഹിന്ദുരാഷ്ട്രത്തിന്റെയും ശത്രുക്കളാണെന്നു പ്രചരിപ്പിച്ച് ആദിവാസികളെ അവർക്കെതിരെ അക്രമം അഴിച്ചുവിടൽ.

വി.എച്ച്.പി, ബി.ജെ.പി, ആർ.എസ്.എസ് തുടങ്ങി പ്രധാന സംഘ്‌സംഘടനകളുടെ നേതാക്കൾ തന്നെയാണിതിന് നേതൃത്വം നൽകുന്നത്. ബി.ജെ.പി നേതൃത്വത്തിലുള്ള സംസ്ഥാന ഗവൺമെന്റുകളുടെ സഹായവും ഫണ്ടുകളും യഥേഷ്ടം കിട്ടുന്നു. കേന്ദ്രത്തിൽ എൻ.ഡി.എ മുന്നണി അധികാരത്തിലിരുന്നപ്പോഴാണ് ഇതേറ്റവും സജീവമായി നടന്നത്.

2002 ജനുവരി 18-ന് മധ്യപ്രദേശിലെ ജാബുവ(Jhabua)യിൽ സംഘടിപ്പിച്ച ഹിന്ദുമഹാസംഗമമായിരുന്നു സംഘ്പരിവാർ ആദിവാസികൾക്കായി ഒരുക്കിയ ഏറ്റവും വലിയ സമ്മേളനം. രണ്ടരലക്ഷത്തോളം ആദിവാസികളെയാണ് സമ്മേളനം ലക്ഷ്യം വെച്ചത്. 300 മുഴുസമയ വളണ്ടിയർമാർ നൂറിലേറെ ദിവസം മഹാസംഗമത്തിന്റെ വിജയത്തിനായി ആദിവാസിമേഖലകളിൽ കർമനിരതരായി. അവർ നിരവധി ആദിവാസി ഗ്രാമങ്ങളെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നു. അവിടെ ഹിന്ദു ദേവി-ദേവന്മാരുടെ ഫോട്ടോകൾ വിതരണം ചെയ്തു, വിഗ്രഹങ്ങൾ- വിശേഷിച്ചും ഹനുമാൻ വിഗ്രഹം- പ്രതിഷ്ഠിച്ചു. ഹിന്ദു പൂജാരീതികളും ഭജനകളും ആദിവാസികളെ പഠിപ്പിച്ചു. വിശ്വ ഹിന്ദുമഹാസംഗമത്തിന്റെ ഒരുക്കങ്ങൾക്കായി അവസാനത്തെ ഏഴുദിവസം 4000 സംഘ്പരിവാർ പ്രവർത്തകർ ആദിവാസി നേതാക്കളോടും കുടുംബങ്ങളോടുമൊപ്പം അവരുടെ വീടുകളിൽ താമസിച്ചു. പ്രവീൺതൊഗാഡിയ, സ്വാധി ഋതംബര തുടങ്ങിയ പരിവാറിന്റെ തീപ്പൊരി പ്രസംഗകരാണ് മഹാസംഗമത്തിൽ പ്രസംഗിച്ചത്. ഇതിനു ശേഷമായിരുന്നു ആദിവാസികൾ മുഖ്യപങ്കുവഹിച്ച ഗുജറാത്ത് കലാപം അരങ്ങേറിയത്.

> *സംഘ്പരിവാറിന്റെ വർഗീയവൽക്കരണ ഫലമായാണ് കോൺഗ്രസ് സ്വാധീനം കുറഞ്ഞതെങ്കിലും ആദിവാസികൾ കോൺഗ്രസിനെ കൈയൊഴിയാൻ പാർട്ടി അവരോടു കൈക്കൊണ്ട നയസമീപനങ്ങളും വലിയ അളവിൽ കാരണമായിട്ടുണ്ട്. ആദിവാസി മേഖലകളിലെ പിന്നാക്കാവസ്ഥയെ സേവനപ്രവർത്തനങ്ങളുടെയും സാമ്പത്തിക സഹായത്തിന്റെയും മേമ്പൊടിയോടെ സംഘ്പരിവാർ ഉപയോഗപ്പെടുത്തുകയാണുണ്ടായത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഗുജറാത്തിലെ ഗോത്രവർഗ സംവരണ മണ്ഡലങ്ങളിലെല്ലാം വിജയിച്ചത് ബി.ജെ.പിയാണ്.*

2004 ഫെബ്രുവരിയിൽ മധ്യപ്രദേശിലെ തന്നെ അലിരാജ്പൂരിലാണ് രണ്ടാമത്തെ ആദിവാസി സമ്മേളനം -ഹിന്ദുമഹാസംഗമം- സംഘടിപ്പിക്കപ്പെട്ടത്. ഇതിൽ 40,000 പേരാണ് പങ്കെടുത്തത്. ബാബരി മസ്ജിദ് തകർത്തതിന്റെ പതിമൂന്നാം വാർഷികത്തിൽ രാജസ്ഥാനിലെ ആദിവാസി ജില്ലയായ ബൻസ്വാര (Banswara)യിൽ മറ്റൊരു ഹിന്ദുമഹാസംഗമം സംഘടിപ്പിച്ചു. പക്ഷേ, പ്രതികൂല കാലാവസ്ഥ കാരണം പ്രതീക്ഷിച്ച വിജയം അതിനുണ്ടായില്ല. വി.എച്ച്.പി നേതാവ് അശോക് സിംഗാളും സംഘ്‌സർകാര്യവാഹക് മോഹൻ ഭഗവതും അന്നത്തെ സംസ്ഥാന ആഭ്യന്തര മന്ത്രിയായിരുന്ന ഗുലാബ്ചാന്ദ് (Gulab chand kataria) ഉൾപ്പെടെ മൂന്ന് മുതിർന്ന ബി.ജെ.പി മന്ത്രിമാരും സംഗമത്തിൽ പങ്കെടുത്തിരുന്നു. ട്രൈബൽ ബെൽറ്റിലെ ആർ.എസ്.എസ്-വി.എച്ച്.പി ശക്തി പ്രകടനമായിരുന്നു സംഗമം. രാമക്ഷേത്ര നിർമാണത്തിലാണ് പലരുടെയും പ്രസംഗങ്ങളൂന്നിയത്. "ഒരു വിട്ടുവീഴ്ചയുമില്ല, അയോധ്യയിൽ എന്തുവിലകൊടുത്തും നാം രാമക്ഷേത്രം നിർമിക്കുക തന്നെ ചെയ്യും"- മോഹൻ ഭഗവത് പ്രഖ്യാപിച്ചു. അശോക് സിംഗാളിന്റെ മുന്നറിയിപ്പ് ഇങ്ങനെയായിരുന്നു: "ക്രിസ്ത്യാനികളുടെയും കമ്യൂണിസ്റ്റുകാരുടെയും ഇസ്‌ലാമിക ശക്തികളുടെയും നീക്കങ്ങൾക്കെതിരെ തീർച്ചയായും നാം ഗാജരൂകരായിരിക്കണം." (India-Gajarat: Untold story of Hindu Karan-Proselytisation of Adivasis in Dangs Areport- Citizens Inquiry Committee )

## കോൺഗ്രസിന്റെ പരാജയം

മധ്യേന്ത്യയിലെ മിക്ക ആദിവാസി മേഖലകളിലും ഇന്ത്യൻ നാഷ്നൽ കോൺഗ്രസിന് ഒരുകാലത്ത് നല്ല സ്വാധീനമുണ്ടായിരുന്നു. ഇന്നു കോൺഗ്രസിന്റെ സ്ഥാനത്ത് ബി.ജെ.പിക്കാണ് ആദിവാസികളുടെ വോട്ട്. സംഘ്പരിവാറിന്റെ വർഗീയവൽക്കരണ ഫലമായാണ് കോൺഗ്രസ് സ്വാധീനം കുറഞ്ഞതെങ്കിലും ആദിവാസികൾ കോൺഗ്രസിനെ കൈയൊഴിയാൻ പാർട്ടി അവരോടു കൈക്കൊണ്ട നയസമീപനങ്ങളും വലിയ അളവിൽ കാരണമായിട്ടുണ്ട്. ആദിവാസി മേഖലകളിലെ

പിന്നാക്കാവസ്ഥയെ സേവനപ്രവർത്തനങ്ങളുടെയും സാമ്പത്തിക സഹായത്തിന്റെയും മേമ്പൊടിയോടെ സംഘ്പരിവാർ ഉപയോഗപ്പെടുത്തുകയാണുണ്ടായത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഗുജറാത്തിലെ ഗോത്രവർഗ സംവരണ മണ്ഡലങ്ങളിലെല്ലാം വിജയിച്ചത് ബി.ജെ.പിയാണ്. "കോൺഗ്രസ് ഭരിക്കുമ്പോൾ ജനങ്ങൾ ഒന്നാകെ അവരുടെ പിന്നിലായിരുന്നു. പക്ഷേ, അവരൊന്നും ചെയ്തില്ല. അതാണ് അധികപേരെയും രോഷാകുലരാക്കിയത്"– ആദിവാസികളുടെ പ്രതിനിധി ധനുഭായ്‌യുടെ വാക്കുകൾ.

ഗുജറാത്തിലെ ആദിവാസികൾ കടുത്ത ദുരിതങ്ങൾ പേറി ജീവിക്കുന്നവരാണ്. ഉപജീവനം കഴിഞ്ഞുപോകാൻ നന്നേ ബുദ്ധിമുട്ടുന്നവർ. പക്ഷേ, രാഷ്ട്രീയ പാർട്ടികൾ അൽപം പോലും ആദിവാസി പ്രശ്നങ്ങളിൽ ശ്രദ്ധയൂന്നുന്നില്ല. ആദിവാസി മേഖലകളിൽ അൽപമൊക്കെ ജനസേവന പ്രവർത്തനങ്ങൾ നടത്തുന്നത്, ലക്ഷ്യമെന്തായാലും ക്രിസ്ത്യൻ മിഷനറി സംഘങ്ങളാണ്. ധാരാളം ആദിവാസികൾ ആ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളാണ്. സ്കൂളുകൾ, കമ്യൂണിറ്റി സെന്ററുകൾ, പ്രാഥമിക ചികിത്സ, ക്ലിനിക്കുകൾ തുടങ്ങിയ സംവിധാനങ്ങളാണ് മിഷനറികൾ ഒരുക്കുന്നത്. ഇത് ജനങ്ങളിൽ വലിയ മതിപ്പ് സൃഷ്ടിക്കുന്നുണ്ട്. അതാണ് സംഘ്പരിവാറിനെ ചൊടിപ്പിക്കുന്ന ഒന്നാമത്തെ ഘടകം.

മറ്റൊന്ന്, ആദിവാസികൾ വലിയൊരു വോട്ടു ബാങ്കാണ്. അത് ദീർഘകാലം കോൺഗ്രസിനെയാണ് തുണച്ചത്. ബി.ജെ.പിക്ക് അധികാരം കിട്ടണമെങ്കിൽ ആദിവാസികളുടെ വോട്ടുകൂടി വേണം. സംഘ് പ്രവർത്തനങ്ങൾ അതും ഒരുക്കിയെടുത്തു. അവർക്ക് ആദിവാസി മേഖലയിൽ വ്യവസ്ഥാപിത ശൃംഖലകളുണ്ട്. കോൺഗ്രസിന് ഇതൊന്നുമില്ല. 1980–കളിൽ കെ.എച്ച്.എ.എം (K H A M) മുദ്രാവാക്യം ഉയർത്തി കോൺഗ്രസ് വർധിച്ച ജനകീയത നേടിയെടുത്തിരുന്നു. ക്ഷത്രിയ, ഹരിജൻ, ആദിവാസി, മുസ്‌ലിം (Kshatriya, Harijan, Adivasi, Muslim) ഐക്യമായിരുന്നു അത്. പിന്നീട് അത് തകർന്നു. കോൺഗ്രസ് വോട്ടു ബാങ്ക് പൊളിക്കാൻ ബി.ജെ.പിയെ സഹായിച്ചത് സംഘ്പ്രവർത്തനങ്ങളാണ്. ഒ.ബി.സിയിലും, ദലിതരിൽപോലും ബി.ജെ.പിക്ക് സ്വാധീനം നേടാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടാണിലെ കോൺഗ്രസ് എം.പിയായിരുന്ന പ്രവീൺ രാഷ്ട്രപാൽ പറയുന്നു: "ദലിതരുടെ പോലും പിന്തുണ ബി.ജെ.പി നേടിയെടുത്തു. നഗരപ്രദേശങ്ങളിലാണത് കൂടുതൽ. കാരണം സംഘ് പ്രവർത്തനത്തിന്റെ സ്വാധീനവും പ്രതിഫലനവും കൂടുതലുള്ളത് നഗരങ്ങളിലാണ്. ബി.ജെ.പിക്കു വേണ്ടി പ്രവർത്തിക്കാൻ ഒരുപാട് പരിവാർ സംഘടനകൾ ഉണ്ട്. കോൺഗ്രസിനാകട്ടെ ഇതൊന്നുമില്ല" (Saffronisation of Adivasi and the Politics of South Gujarat, Dionne Bunet, 17, April - 2004). ഇന്നും ഇന്ത്യയുടെ പലഭാഗങ്ങളിലും ദലിത് വിരുദ്ധ കലാപങ്ങൾ ആവർത്തിക്കപ്പെടുന്നുണ്ട്. ജാതിഹിന്ദുക്കളുടെ പീഡനത്തിൽനിന്ന് രക്ഷപ്പെടുത്താം എന്നു പറഞ്ഞാണ് ബി.ജെ.പി ദലിതരെ സ്വാധീനിച്ചത്, എന്നാൽ സംഭവിച്ചതോ? അഹ്മദാബാദിലെ ഗോമതിപൂർ നിവാസിയായ മെഹ്റു വഗേല പറയുന്നു: "ദലിത് വിരുദ്ധ കലാപങ്ങളാണ് അങ്ങനെ ചിന്തിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. അക്കാരണത്താൽ ഞങ്ങൾ ബി.ജെ.പിക്ക് വോട്ടു ചെയ്തു. ഞങ്ങൾ ഇനി ആ തെറ്റ് ആവർത്തിക്കില്ല. അവർ ഞങ്ങളെ വിഡ്ഢികളാക്കി. ദലിതർക്കെതിരെ കലാപങ്ങൾ തുടങ്ങുന്നത് അവർ തന്നെയാണ്. കലാപത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കും എന്ന് അവർ ഞങ്ങളെ വിശ്വസിപ്പിച്ചു. പക്ഷേ, അവർ ഒന്നും ചെയ്തില്ല. ഇനി ഞങ്ങൾ അവർക്ക് വോട്ട് ചെയ്യില്ല." (Ibid)

പഴയ തലമുറ ഇപ്പോഴും ഏറക്കുറെ കോൺഗ്രസിനൊപ്പം തന്നെയാണ്. എന്നാൽ പുതിയ തലമുറ സംഘ് പാളയത്തിലാണുള്ളത്. അവർ ബി.ജെ.പി ഉയർത്തുന്ന മുദ്രാവാക്യങ്ങളിൽ വീണുപോവുകയാണ്. "ബി.ജെ.പി ഹിന്ദുക്കളെ രക്ഷിക്കും; കോൺഗ്രസ് മുസ്‌ലിംകളെ പിന്തുണക്കുകയാണ്." ബി.ജെ.പിയെ പിന്തുണക്കുന്ന ചെറുപ്പക്കാരനായ കാന്യമക്‌വാനയുടെ വാക്കുകൾ. മതപരമായ പ്രവർ ത്തനങ്ങൾ നടത്തുന്ന സംഘടനയെന്ന പേരിലാണ് വി.എച്ച്.പിയെ പരിചയപ്പെടുത്തുന്നത്. "വി.എച്ച്.പി പറയുന്നത് തങ്ങൾ നടത്തുന്നത് മതപരമായ പ്രവർത്തനങ്ങളാണെന്നാണ്. എന്നാൽ ഏതെങ്കിലും ഒരു വി.എച്ച്.പി യോഗത്തിൽ പങ്കെടുത്താലറിയാം അതൊരു രാഷ്ട്രീയ സമ്മേളനമാണെന്ന്. നിരവധി രാഷ്ട്രീയ നേതാക്കൾ അവിടെ പ്രസംഗിക്കാനെത്തും. മതപരമായ ചടങ്ങുകൾ സംഘടിപ്പിച്ച് വി.എച്ച്.പി പ്രചരിപ്പിക്കുന്നതാകട്ടെ മുസ്‌ലിം–ക്രിസ്ത്യൻ വിരുദ്ധതയും. അവരുടെ സാമൂഹിക സേവന പ്രവർത്തനം പോലും ഏകമുഖമാണ്"– ഒമർകാദിലെ റെയിൻസിംഗ് വാസവ പറയുന്നു. വി.എച്ച്.പിയുടെ പ്രവർത്തകനായിരുന്ന റെയിൻസിംഗ് അടുത്തകാലത്താണ് പാർട്ടിവിട്ടത്. പിന്നീട് ആദിവാസി അവകാശ സംരക്ഷണ സംഘടനയിൽ ചേർന്നു. വിദ്യാസമ്പന്നരായ യുവാക്കളിലൂടെ ഗ്രാമങ്ങളിൽ സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുന്ന വി.എച്ച്.പി ഗ്രാമങ്ങളിലെ ഐക്യവും ഒരുമയും തകർക്കുകയാണെന്ന് അദ്ദേഹം വേവലാതിപ്പെടുന്നു. ■

(തുടരും)

sadarvzkd@yahoo.co.in